# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*305 21.06.2018- ൽ മറുപടിക്ക്

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് പ്രോത്സാഹനം

ചോദ്യം

ഉത്തരം

ശ്രീ.എം. സ്വരാജ്
,, രാജു എബ്രഹാം
,, ജോർജ് എം. തോമസ്
,, എം. നൗഷാദ്

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരളത്തിലെ ചെറുകിട സംരംഭകർ നേരിടുന്ന മുഖ്യപ്രശ്നങ്ങളിലൊന്നായ സ്ഥല ദൗർലഭ്യം പരിഹരിക്കുന്നതിനായി 5000 ഏക്കർ ഭൂമി ഏറ്റെടുത്ത് വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | എ) | കേരളം പോലെയുള്ള സ്ഥലദൗർലഭ്യം നേരിടുന്ന സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് സഹായഹസ്തം നീട്ടുന്നതിനായി വിവിധ ജില്ലകളിലായി 5000 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 4686 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള ഭരണാനുമതി കിൻഫ്രയ്ക്ക് നൽകിയിട്ടുണ്ട്. |
| ബി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും ഉല്പാദനക്ഷമത വർദ്ധനവിലൂടെ അതിജീവനം സാധ്യമാക്കുന്നതിനും നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; ഇൻഡസ്ട്രി-യൂണിവേഴ്സിറ്റി പാക്കേജ് പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും, സാങ്കേതികമായ അറിവുകൾ പകർന്നുനൽകുന്നതിനുമായി ടെക്നോളജി ക്ലിനിക്കുകൾ ജില്ലാതലത്തിൽ നടത്തുന്നുണ്ട്. പ്രസ്തുത പരിപാടിയിൽ സാങ്കേതിക വിദഗ്ധരുടെ ക്ലാസ്സുകൾ കേൾക്കുന്നതിനും, ആശയവിനിമയം നടത്തുന്നതിനും അവസരമുണ്ടാക്കുന്നു. എംഎസ്എംഇ മേഖലകളിലെ സംരംഭങ്ങൾക്കായി ടെക്നോളജി മാനേജ്മെൻറ്, ഡെവലപ്പ്മെൻറ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ പരിശീലനങ്ങൾ മുതലായവയും ജില്ലാതലത്തിൽ നടത്താറുണ്ട്. കൂടാതെ ഒരേതരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും, ഒരു നിശ്ചിത പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് വേണ്ടി എം.എസ്.ഇ-സിഡിപി പദ്ധതി പ്രകാരം പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നുണ്ട്. പ്രസ്തുത കേന്ദ്രങ്ങൾ വഴി ആവശ്യമായ സാങ്കേതിക സഹായങ്ങൾ |

| | | | |
|---|---|---|---|
| | | | സജ്ജമാക്കുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ തരത്തിൽ സാങ്കേതിക വിദ്യയും മറ്റും പ്രദാനം ചെയ്യുന്നതിന് കലാലയങ്ങളേയും, ഗവേഷണ സ്ഥാപനങ്ങളേയും സജ്ജമാക്കുന്നതിനായി "സ്ട്രെങ്ത്തനിംഗ് ലിങ്കേജ് ബിറ്റ്വീൻ ഇൻഡസ്ട്രി/എൻറർപ്രൈസസ് ആൻറ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്/യൂണിവേഴ്സിറ്റീസ്" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സാങ്കേതിക ദാതാക്കൾക്കും ധനസഹായം നൽകുന്നതിന് 110 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തുകയും 16.05.2018 തീയതിയിലെ ജി.ഒ.(എം എസ്) നം.39/18/ID ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) | ഇത്തരം സംരംഭങ്ങളുടെ ഉല്പന്നങ്ങളുടെ വാണിജ്യ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്? | സി) | സംസ്ഥാനത്തിലെ സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങളുടെ വാണിജ്യ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>**1) ദേശീയ അന്തർദേശീയ മേളകൾ**<br>ദേശീയ അന്തർദേശീയ തലത്തിൽ കേരളത്തിന്റെ വ്യാവസായിക അനുകൂല സാഹചര്യങ്ങൾ പ്രചരിപ്പിക്കുന്നതിനും, വ്യവസായ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി, ദേശീയ അന്തർദേശീയ മേളകളിൽ സംരംഭകരെ പങ്കെടുപ്പിക്കാറുണ്ട്.<br>**2) വ്യവസായ പ്രദർശനം**<br>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവ പൊതു സമൂഹത്തിൽ പരിചയപ്പെടുത്തുന്നതിനുമായി ജില്ലാതലങ്ങളിൽ വ്യവസായ പ്രദർശനങ്ങൾ നടത്തുന്നുണ്ട്.<br>**3) മലബാർ ക്രാഫ്റ്റ് മേള**<br>തനത് വിഭവങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിനും, പരമ്പരാഗത മേഖലയിലെ നൂതന ആശയങ്ങൾ പങ്കുവയ്ക്കുന്നതിലേക്കുമായി മലബാർ ക്രാഫ്റ്റ് മേള നടത്തുന്നു.<br>**4) കേരള അഗ്രോ ഫുഡ് പ്രോ**<br>തനത് കാർഷിക ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി 'കേരള അഗ്രോ ഫുഡ് പ്രോ' നടത്തുന്നു. കേരളത്തിലെ കാർഷിക വിഭവങ്ങൾ അസംസ്കൃത വിഭവങ്ങളായി ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം അവർക്കാവശ്യമായ യന്ത്ര സാമഗ്രികൾ പരിചയപ്പെടുത്തുന്നതിനും പ്രസ്തുത ഫെസ്റ്റ് മൂലം സാധ്യമാകുന്നുണ്ട്.<br>**5) SME കൾക്കുള്ള വെബ് പോർട്ടൽ**<br>ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി സജ്ജമാക്കുന്നതിനായി കെ.ബിപ്പ് മുഖേന വെബ്ബ് പോർട്ടലുകൾ രൂപീകരിച്ചിട്ടുണ്ട് www.keralasme[illegible].org, www.keralasme.com. എന്നീ വെബ്ബ് പോർട്ടലുകളെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സംരംഭകർക്ക് പരിചയപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വിപണന വിഭാഗത്തിൽ ചെറുകിട വ്യവസായികളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായികൾ അഭിമുഖീകരിക്കുന്ന പ്രധാന വിഷയങ്ങളിൽ ഒന്നായ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി അവരുടെ ഉൽപ്പന്നങ്ങൾ വാങ്ങി സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ വിതരണം നടത്തിവരുന്നു. ചെറുകിട ഇടത്തരം യൂണിറ്റുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ സിഡ്കോ മുഖാന്തിരം വിതരണം നടത്തുവാൻ വേണ്ടി യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**